A1/202/2024-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവകലാശാല സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ട ശ്രീ. പി.കെ. രാജീവ് കുമാറിന് അനുതാപ ബത്ത അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

.

സ.ഉ.(സാധാ) നം.265/2026/CLAD തീയതി,തിരുവനന്തപുരം, 19-03-2026

---

പരാമർശം:-

1. കേരള കലാമണ്ഡലം രജിസ്ട്രാറുടെ 23.05.2025 തീയതി യിലെ കെ.കെ.എം.ഡി.യു./എ./2336/2018 നമ്പർ കത്ത്

2 അക്കൗണ്ടന്റ് ജനറലിന്റെ 10.09.2025 തീയതിയിലെ P-7/CH-3/P/25/10/60751082/10251689690/P/25/10/70697357 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കേരള കലാമണ്ഡലം കല്പിത സർവകലാശാലയിൽ 21.06.1991 ൽ സർവ്വീസിൽ പ്രവേശിക്കുകയും തുടർന്ന് 22.11.2018 ൽ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും ചെയ്യപ്പെട്ട ശ്രീ. പി.കെ. രാജീവ് കുമാറിന് അനുതാപ ബത്ത അനുവദിക്കുന്നതിന് കേരള കലാമണ്ഡലം കല്പിത സർവകലാശാല രജിസ്ട്രാർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. പി.കെ. രാജിവ് കുമാറിനെ സർവ്വീസിൽ നിന്നും പിരിച്ച് വിട്ടതിനാൽ അദ്ദേഹത്തിന് യാതൊരു പെൻഷൻ ആനുകൂല്യങ്ങൾക്കും അർഹതയില്ല. അപ്രകാരം സേവനത്തിൽ നിന്നും പിരിച്ച് വിട്ട ഒരാൾക്ക് പ്രത്യേക പരിഗണന അർഹിക്കുന്നു എന്ന് മേലധികാരിക്ക് തോന്നുന്നപക്ഷം, പിരിച്ചുവിടപ്പെട്ടയാൾക്ക് കെ. എസ്. ആർ. ഭാഗം. II. ചട്ടം 5A പ്രകാരം അനുതാപബത്ത അനുവദിക്കാവുന്നതാണ്. സർവീസിൽ നിന്ന് പിരിച്ചുവിടപ്പെട്ട ശ്രീ. പി.കെ. രാജിവ്കുമാർ അനുതാപബത്തക്ക് അർഹനാണെന്ന് കേരള കലാമണ്ഡലം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റ് അംഗീകരിച്ച ശ്രീ. പി.കെ. രാജീവ് കുമാറിന്റെ ശരാശരി വേതനം 82,474/- രൂപയാണ്. ആയതിനാൽ അർഹമായ അനുതാപബത്ത 24,742/ - രൂപയാണ്.

3. മേൽ സാഹചര്യത്തിൽ സർവീസിൽ നിന്ന് പിരിച്ചുവിടപ്പെട്ട ശ്രീ. പി.കെ. രാജിവ്കുമാറിന് 24,742/ -രൂപ (ഇരുപത്തിനാലായിരത്തി എഴുന്നൂറ്റി നാൽപത്തി രണ്ടുരൂപ മാത്രം) അനുതാപ ബത്തയായി അനുവദിക്കുന്നതിന് കേരള കലാമണ്ഡലത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരളകലാമണ്ഡലം, കല്പിത സർവകലാശാല
ശ്രീ. പി.കെ. രാജീവ് കുമാർ (രജിസ്ട്രാർ കേരളകലാമണ്ഡലം, കല്പിത സർവകലാശാല മുഖേന)
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക/വെബ് & ന്യൂ മീഡിയാ വകുപ്പ്
ധനകാര്യ വകുപ്പ് (2808240/EDN-C3/184/2024-FIN dated 06.08.2024)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sheeba K P
Date: 19-03-2026 15:32:24
സെക്ഷൻ ഓഫീസർ